LIBRARY ARCHIVES Kerala Legislative Assembly

ജി. ഒ. (എംഎസ്.) 96/2001/ ഉ. വി. ഉത്തരവ് നടപ്പിലാക്കാൻ നടപടി

27 [735] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, ഡി. സുഗതൻ:
,, ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 16-8-2001-ലെ ജി.ഒ. (എംഎസ്.) 96/2001/ഉ.വി.വ. ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി.-ക്ക് പുറമേ ടൈപ്പ്റൈറ്റിംഗ് ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് പാസ്സായ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു;

(സി) സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നതുമൂലം ഇപ്പോഴും പഴയ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് അപേക്ഷ സ്വീകരിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ യോഗ്യതാ നിർണ്ണയപ്രകാരം ടൈപ്പിസ്റ്റ് നിയമനത്തിന് എന്ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാനാണ് ഉദ്ദശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൈപ്പ്റൈറ്റിംഗ് യോഗ്യതയായി വരുന്ന തസ്തികകളിൽ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കൂടി യോഗ്യതയായി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്

(ഡി) പുതിയ സിലബസ് പ്രകാരമുള്ള കെ.ജി.റ്റി.ഇ. തസ്തികകൾക്ക് നോട്ടിഫൈ ചെയ്യുന്നതിനുമുമ്പ് കെ.ജി.റ്റി.ഇ. യോഗ്യതയായി നിഷ്കർഷിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ഭേദഗതി വരുത്തേണ്ടതുണ്ട്. ടി ഉത്തരവുകൾ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

ജൈവ സാങ്കേതിക വിദ്യയിൽ കൈവരിച്ച നേട്ടങ്ങൾ

28 [737] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ സാങ്കേതിക വിദ്യയിൽ മുന്നേറ്റം ലക്ഷ്യമാക്കി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;